കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കി വരുന്ന കാർഷിക മൃഗസംരക്ഷണ മേഖല പ്രവർത്തനങ്ങൾ സംബന്ധിച്ച് സൂചന പ്രകാരമുള്ള പി.ആർ.എം. ൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്;

1. ഭക്ഷ്യസുരക്ഷാ ഭവനം ക്യാമ്പെയിൻ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത ജില്ലകൾ അടിയന്തരമായി പ്രവർത്തനങ്ങൾ തുടങ്ങേണ്ടതും, എല്ലാ ജില്ലകളും നവംബർ 1 നകം 20% പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം വീഴ്ചവരുത്തുന്ന ജില്ലകളിലെ എംകെഎസ്പി ജില്ലാ പ്രോഗ്രാം മാനേജർമാർ നവംബർ 3 ന് സംസ്ഥാനമിഷനിൽ നേരിട്ട് എത്തേണ്ടതും കാരണം ബോധിപ്പിക്കേണ്ടതുമാണ്.

2. 2018 ഓണക്കാല വിപണനം ലക്ഷ്യമിട്ടുകൊണ്ട് ഏത്തവാഴ കൃഷി ആരംഭിക്കണമെന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. ആയതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതും വിവരങ്ങൾ കൃത്യമായി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

3. മൃഗസംരക്ഷണ മേഖല സിഐജി ഗ്രൂപ്പുകൾക്ക് ടാർഗറ്റ് പ്രകാരമുള്ള സിഐഎഫ് വിതരണം ചെയ്യേണ്ടതാണ്. കൂടാതെ അധിക സിഐഎഫ് വിതരണം ചെയ്യേണ്ട അപേക്ഷ ലഭ്യമാകുകയാണെങ്കിൽ ആയതിന്റെ കൃത്യമായ കണക്ക് നവംബർ 5 ന് മുൻപ് വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്

4. ജില്ലകളിൽ 2017 മാർച്ച് 30 വരെ പെൻഡിംഗ് ഉള്ള പലിശ സബ്സിഡി അപേക്ഷകൾ തീർപ്പുകൽപ്പിക്കേണ്ടതാണ്. ഈ വർഷത്തെ അപേക്ഷകൾ പരിശോധിച്ച് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

5. ജില്ലകളിൽ നിന്നും അറിയിച്ചതു പ്രകാരമുള്ള മൃഗസംരക്ഷണ മേഖല പദ്ധതികൾ പൂർത്തീകരിക്കേണ്ടതും സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രോജക്ട് സംസ്ഥാനമിഷന് അടിയന്തരമായി ലഭ്യമാക്കേണ്ടതും വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

6. ജില്ലകളിൽ ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയ്ക്ക് താൽപര്യമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സംസ്ഥാന മിഷന് അറിയിക്കേണ്ടതും ആയതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

മേൽ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർ ശ്രദ്ധിക്കേണ്ടതാണ്.